LIBRARY ARCHIVES Kerala Legislative Assembly

പൈപ്പ് പൊട്ടുന്നതുകൊണ്ട് തകരുന്ന റോഡു നന്നാക്കുന്നതിനുള്ള ചുമതല

149 (746) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് പൊട്ടുന്നതുമൂലം തകരാറിലാകുന്ന റോഡു നന്നാക്കാനുള്ള ചുമതല ഇപ്പോൾ ആർക്കാണെന്ന് വ്യക്തമാക്കുമോ ;

(ബി) വാട്ടർ അതോറിറ്റിയുടെ പൈപ്പ് പൊട്ടി തകരാറിലാകുന്ന റോഡ് യഥാസമയം അറ്റകുറ്റപ്പണി നടത്തുന്നതിൽ വീഴ്ച സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് പൊട്ടുന്നതുമൂലം തകരാറിലാകുന്ന റോഡു നന്നാക്കാനുള്ള ചുമതല PWD, LSGD, KRFB, KSUDP തുടങ്ങിയ സർക്കാർ ഏജൻസികൾക്കാണ്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് പൊട്ടി തകരാറിലാകുന്ന റോഡിലെ കുഴികൾ, പൈപ്പ് ലൈനിന്റെ അറ്റകുറ്റപ്പണി നടത്തിയതിനു ശേഷം യഥാസമയം വാട്ടർ അതോറിറ്റി തന്നെ നികത്താറുണ്ട്. ഇതിനു മുകളിൽ വീണ്ടും ടാർ ചെയ്യുന്നത് പ്രസ്തുത റോഡുകളുടെ സംരക്ഷണ ചുമതലയുള്ള സർക്കാർ ഏജൻസികളാണ്.

പേരൂർക്കടയിലെ ഡ്രെയിനേജ് കണക്ഷൻ

150 (747) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പേരൂർക്കട മണ്ണാംമൂലയിലുള്ള എം. ആർ. എ. നിവാസികൾക്ക് 16-10-2007-ൽ ഐ.എം.807/07/എം(ഡബ്ല്യു. ആർ) വി.ഐ.പി. പ്രകാരവും, 15-7-2009-ൽ ഐ.എം 603/എംഡബ്ല്യൂ.ആർ.) വി.ഐ.പി പ്രകാരവും ഡ്രെയിനേജ് കണക്ഷൻ കൊടുക്കാൻ രണ്ട് ഉത്തരവുകൾ മേലധികാരികൾക്ക് നൽകിയിട്ട് പ്രസ്തുത ജോലിയുടെ വെറും 50 മീറ്റർ ജോലിചെയ്ത് ബാക്കിയുള്ള പ്രധാന ഭാഗത്തിന്റെ പണി ചെയ്യാതെ ഇവിടത്തെ നിവാസികളെ വളരെ കഷ്ടപ്പെടുത്തുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ ;

(ബി) ഈ ഡ്രെയിനേജ് പണി പൂർത്തിയാക്കാത്തതിനെക്കുറിച്ച് പന്ത്രണ്ടാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിൽ 19-2-2009-ൽ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 727 ആയും പതിനാലാം സമ്മേളനത്തിൽ 3-3-2010-ൽ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 663 ആയും പതിനാഞ്ചാം സമ്മേളനത്തിൽ 22-7-2010-ൽ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 5054 ആയും മൂന്ന് പ്രാവശ്യവും ചോദ്യം ഉന്നയിച്ചപ്പോൾ നടപടി സ്വീകരിക്കാമെന്ന് മറുപടിതന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;